**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളെ ദുഷ്പ്രവണതകളിൽ നിന്ന് അകറ്റി നിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികളെ ലഹരിയുടെ സ്വാധീനത്തിൽ അകപ്പെടാതെ സംരക്ഷിക്കുവാനും സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകാതിരിക്കുവാനും പൊതു വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സ്കൂൾ ക്യാമ്പസിലും പുറത്തും ലഹരി വിരുദ്ധ പ്രചാരണം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാലയ തലത്തിൽ ജാഗ്രതാ ബ്രിഗേഡുകൾ രൂപീകരിക്കുകയും ആൻറി നാർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ അവർക്ക് പരിശീലനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1680 ഗവ/ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനായാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നത്. സ്കൂളുകളിലെ ഒരു അദ്ധ്യാപകന് /അദ്ധ്യാപികക്ക് സൗഹൃദ കോർഡിനേറ്റർമാരുടെ ചുമതല നൽകി വരുന്നു. സൗഹൃദ കോർഡിനേറ്റർമാർക്ക് പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകി വരുന്നുണ്ട്. അതിൽ ഒരു സെഷൻ വിദ്യാർത്ഥികളിലെ മയക്കുമരുന്ന് തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. സൗഹൃദ ക്ലബ്ബുള്ള 1680 ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് "Student Convenors Training" ന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അത് ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റിയും പരിശീലനം നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് വിദ്യാർത്ഥികളുടെ ഇടയിലുള്ള |

| | | | |
|---|---|---|---|
| | | | ജീവിതശൈലി രോഗങ്ങൾ തടയുന്നതിനായി "Life Style Disease Screening and Intervention programme" മുഴുവൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം ജീവിതശൈലി രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾക്കൊളളിച്ചിട്ടുണ്ട്. ഇത്തരം ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ തൊട്ടടുത്ത പി.എച്ച്.സികളുമായി ചേർന്നു തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ദന്ത പരിശോധനാ ക്യാമ്പുകളിലൂടെ ലഹരിയോട് താത്പര്യം കാട്ടുന്ന കുട്ടികളെ കണ്ടെത്തി പരിചരണം നടത്തുന്നതിന് വകുപ്പ് യത്നിച്ചിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിന്റെ പിന്തുണയോടെ വിമുക്തി മിഷൻ ക്യാമ്പയിന്റെ ഭാഗമായി കുട്ടികളുടെ സ്പോർട്സ് മത്സരങ്ങൾ പുതുലഹരി ക്യാമ്പയിൻ എന്ന പേരിൽ സംഘടിപ്പിച്ചു.<br><br>ലഹരി നിർമ്മാർജ്ജനം പ്രവർത്തന ലക്ഷ്യമാക്കി കുട്ടികളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പാർലമെന്റ് സംഘടിപ്പിക്കുകയും ഒക്ടോബർ 2 ഗാന്ധിജയന്തി ദിവസത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സംവാദസദസ്സ് സംഘടിപ്പിക്കുകയും ചെയിട്ടുണ്ട്.<br><br>കൗമാര വിദ്യാർത്ഥികളുടെ മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് ഹയർ സെക്കന്ററി അക്കാദമിക വിഭാഗത്തിന്റെ നേതൃത്വത്തിൽ കൂടെയുണ്ട് കരുത്തേകാൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൗമാരക്കാരുടെ വികസന നാഴികക്കല്ലുകളോടൊപ്പം സഹജമായി കാണപ്പെടുന്ന അനഭിലഷണീയ പ്രവണതകളായ റാഗിംഗ്, അക്രമവാസന, നശീകരണ പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം, വാഹന ദുരുപയോഗം തുടങ്ങിയവയ്ക്ക് ശാസ്ത്രീയ മാർഗങ്ങളിലൂടെ ശാശ്വത പരിഹാരം കാണുന്നതിനായാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങളെ പറ്റിയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | നിലവിൽ ഹയർ സെക്കന്ററി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും വേണ്ടി സൗഹൃദ എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി സ്കൂളുകളിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസിലിംഗ് നൽകുന്നതിന് പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ ഉള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഈ മേഖലയിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി നന്മ പൂക്കുന്ന നാളേക്ക് എന്ന പേരിൽ ഹാൻഡ് ബുക്കുകളും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അദ്യഘട്ടത്തിൽ അധ്യാപകർ തന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസിലർമാരുടെ സഹായം തേടുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. കൗൺസിലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാരന്റൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായം തേടുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല എന്ന പരിമിതിയുണ്ട്. എന്നിരുന്നാലും മുഴുവൻ അധ്യാപകരെയും ഒരു പ്രാഥമിക കൗൺസിലർ എന്ന നിലയിൽ കൂടി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്. |
| (സി) | പി. ടി. എ. യുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | ലഹരി നിർമ്മാർജ്ജന യജ്ഞത്തിൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെയും അധ്യാപകരെയും ബോധവത്കരിച്ച് അതിലൂടെ സാമൂഹിക അവബോധം ശക്തിപ്പെടുത്തുന്നതിനാണ് വകുപ്പ് പരിശ്രമിക്കുന്നത്. കുടുംബങ്ങളിലെ ലഹരി സംബന്ധങ്ങളായ വിഷയങ്ങൾ അമ്മ റിസോഴ്സ് ഗ്രൂപ്പ് മുഖേന സ്കൂൾ ജാഗ്രതാ സമിതികൾക്ക് കൈമാറി പരിഹാരം കണ്ടെത്തുന്നതിനും പ്രാദേശിക തലത്തിൽ ചേരുന്ന കോർണർ പി.ടി.എകളിൽ ടി അംഗങ്ങളെ ഉൾച്ചേർത്ത് ലഹരിക്ക് എതിരായ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സൗഹൃദ ക്ലബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും മക്കളെ അറിയാൻ എന്ന പേരിൽ ശരിയായ രക്ഷകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു സെഷൻ നൽകി വരുന്നുണ്ട്. അതിന് ഡോക്ടേഴ്സ് ആണ് സാധാരണ ഗതിയിൽ നേതൃത്വം നൽകാറുള്ളത്. ഈ ഒരു മൊഡ്യൂളിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു സെഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളിലും ഈ പ്രോഗ്രാം നടത്താനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിലൂടെ ലഹരി വിരുദ്ധ പോരാട്ടത്തിൽ രക്ഷിതാക്കളെയും ഭാഗഭാക്കാക്കുന്നതിന് വകുപ്പ് പരിശ്രമിക്കുന്നുണ്ട്. |
| (ഡി) | കുട്ടികൾ ദുഷ്പ്രവണതകളിലേക്ക് തിരിയാതെ സംരക്ഷിക്കുന്നതിന് അവരുടെ മാനസികോല്ലാസം ഉറപ്പ് വരുത്തേണ്ടത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കുട്ടികളെ ലഹരി, സൈബർ കുറ്റകൃത്യങ്ങൾ അടക്കമുള്ള ദുഷ് പ്രവണതകളിലേക്ക് തിരിയാതെ അവരുടെ മാനസികോല്ലാസത്തിന് ഊന്നൽ നൽകി മെച്ചപ്പെട്ട പൌരൻമാരായി മാറ്റിയെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി പദ്ധതികൾ മറ്റു വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. അത്തരത്തിൽ ഒരു പദ്ധതിയാണ് പുതുലഹരി ക്യാമ്പയിൻ. എക്സൈസ് വകുപ്പിൻറെ സഹകരണത്തോടെ കുട്ടികളെ ഫുട്ബോൾ, ഖോ-ഖോ മുതലായ മത്സരങ്ങളിൽ ഭാഗവാക്കാക്കുക വഴി ടി കുട്ടികളിൽ ആരോഗ്യദായകമായ വിനോദോപാധികൾ പരിചയപ്പെടുത്തുന്നതിനും അതു വഴി ദുഷ് പ്രവണതകളിൽ നിന്നും അവരെ തടയുന്നതിനും വകുപ്പ് യത്നിച്ചിട്ടുണ്ട്. |
| (ഇ) | ഇതിനായി പ്രത്യേക പീരിയഡ് മാറ്റി വെയ്ക്കുന്നതുൾപ്പടെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ബഹു. ഹൈക്കോടതിയുടെ റിജിയണൽ ജുഡിഷ്യൽ കൊളോക്യത്തിന്റെ നിർദ്ദേശാനുസരണം ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം സാധ്യമാക്കുന്നതിന് എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവരുമായി ചേർന്ന് ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP യുമായി ബന്ധപ്പെട്ട ട്രെയിനിംഗ് എല്ലാ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപകർക്കും അവധികാല അദ്ധ്യാപക പരിശീലനത്തിൽ നല്കിയിരുന്നു. പ്രസ്തുത SOP യിൽ കേസുകളുടെ റിപ്പോർട്ടിങ്, കൗൺസിലിംഗ്, റെഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം ഒന്നര ലക്ഷത്തോളമുള്ള അദ്ധ്യാപകർക്ക് മേൽ ഘടകങ്ങളെ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | പരിശീലനം ഈ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ